(1)	(2)
4	അമ്പലപ്പുഴ
5	കുട്ടനാട്
6	ഹരിപ്പാട്
7	കായംകുളം
8	മാവേലിക്കര
9	ചെങ്ങന്നൂർ

(സി) ഒരു സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ ആരംഭിക്കുന്നതിന് ശരാശരി 15 ലക്ഷം രൂപയാണ് ചെലവാകുന്നത്. സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ ശരാശരി വിറ്റുവരവ് പ്രതിദിനം ശരാശരി 12,500 രൂപയാണ്.

കൺസ്യൂമർഫെഡ് വെളിച്ചെണ്ണ വാങ്ങിയ വകയിലെ കടം

89 (7925) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ ഔട്ട്‌ലെറ്റുകൾ വഴി വെളിച്ചെണ്ണ വിൽപന നടത്തുന്നതിനായി വെളിച്ചെണ്ണ സംഭരിക്കുന്നത് എവിടെ നിന്നൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) വെളിച്ചെണ്ണ വാങ്ങിയ വകയിൽ കൺസ്യൂമർഫെഡ് ആർക്കൊക്കെ എത്ര തുകവീതം നൽകാനുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തുക കൊടുത്തുതീർക്കുന്നതിന് കൺസ്യൂമർഫെഡ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകിയാണ് കൺസ്യൂമർഫെഡിന്റെ ഔട്ട്‌ലെറ്റുകൾ വഴി വിൽപ്പന നടത്തുന്നതിനായി വെളിച്ചെണ്ണ സംഭരിക്കുന്നത്. കൺസ്യൂമർഫെഡ് വെളിച്ചെണ്ണ സംഭരിക്കുന്ന ഏജൻസികളുടെ വിവരം ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ഏജൻസി	
	സ്ഥിരം സപ്ലയർമാർ	ഇപ്പോൾ ടെണ്ടർ വ്യവസ്ഥയിൽ സപ്ലൈ ചെയ്യുന്നവർ
1	കേരഫെഡ്	ഫൈവ്സ്റ്റാർ ട്രേഡിംഗ് കോ.
2	വടകര താലൂക്ക് പ്രൈമറി സഹകരണ സംഘം	കെ.എം. ഓയിൽ
3	കല്ലംകുന്ന് സർവ്വീസ് സഹകരണ സംഘം	എസ്സെൻ ട്രേഡിംഗ് കോ.
4	കൊട്ടൂർ സർവ്വീസ് സഹകരണ സംഘം	റ്റീകെ. ട്രേഡേഴ്സ്
5	-	കുഞ്ഞാനിയൽ ഓയിൽ എക്സ്ട്രാക്ടേഴ്സ്
6	-	ത്രീസ്റ്റാർ ക്രിയേഷൻസ്

(ബി) വെളിച്ചെണ്ണ വാങ്ങിയ വകയിൽ കൺസ്യൂമർഫെഡ് നൽകാനുള്ള തുകകൾ, നൽകേണ്ട ഏജൻസികൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2014 ജനുവരി മുതൽ ഫെഡറേഷൻ വാങ്ങുന്ന വെളിച്ചെണ്ണയുടെ വില 45 മുതൽ 60 ദിവസങ്ങൾക്കുള്ളിൽ കൊടുത്തു തീർക്കുന്നുണ്ട്. ഫണ്ട് ലഭ്യമാകുന്നതിനനുസൃതമായി കുടിശ്ശിക തുകകൾ തീർക്കുന്നതാണ്.

കേപ്പിന്റെ സാമ്പത്തിക സ്ഥിതി

90 (7926) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കുമോ ;

(ബി) കൊച്ചി മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം കേപ്പ് എത്ര രൂപ കൊച്ചി മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ശമ്പള ഇനത്തിൽ നൽകിയെന്ന് അറിയിക്കുമോ ;

(സി) കൊച്ചി . മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തശേഷം അവിടെനിന്നും ഏതെങ്കിലും വിധത്തിലുള്ള വരുമാനം കേപ്പിന് ലഭിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly